**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 734** **24-06-2026-ൽ മറുപടിയ്ക്ക്**

**<u>കാട്ടാനകളുടെ ആക്രമണം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. യു. ആർ. പ്രദീപ് ശ്രീ. ഷിബു ബേബി ജോൺ
(വനം, വന്യജീവി - നൈപുണ്യ വികസന
വകുപ്പ് മന്ത്രി)

**(എ)** ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഇതുവരെ കാട്ടാനകളുടെ ആക്രമണത്തിൽ എത്ര പേർക്ക് ജീവഹാനി സംഭവിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ;

**<u>മറുപടി:</u>** **6 പേർ മരണപ്പെട്ടിട്ടുണ്ട്.**

**(ബി)** ഇങ്ങനെ മരണപ്പെട്ട വ്യക്തികളുടെ ആശ്രിതർക്ക് ഇതിനകം ആശ്വാസ ധനസഹായം അനുവദിച്ച് നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

**<u>മറുപടി:</u>** 6 ജീവഹാനി സംഭവങ്ങളിൽ അഞ്ച് പേരുടെ ആശ്രിതർക്കുള്ള ധനസഹായത്തിന്റെ ആദ്യ ഗഡു അനുവദിച്ചിട്ടുണ്ട്.

**(സി)** മനുഷ്യ - വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനും ജീവഹാനി ഉണ്ടാകാതിരിക്കുന്നതിനും കാട്ടാനകൾ ജനവാസമേഖലയിലേക്ക് ഇറങ്ങിവരുന്ന പ്രദേശങ്ങൾ പ്രത്യേക സ്ലോട്ടുകളായി തിരിച്ച് വനപാലകരുടെ സേവനം ഉറപ്പാക്കുന്നതിനും സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദാംശം വ്യക്തമാക്കുമോ?

**<u>മറുപടി:</u>** AI, ഡ്രോൺ, തുടങ്ങിയ ആധുനിക സാങ്കേതികവിദ്യകളുടെ സഹായത്തോടെ പ്രതിരോധ സംവിധാനങ്ങൾ ശക്തിപ്പെടുത്താനും 24 മണിക്കൂറും പ്രവർത്തിക്കുന്ന ദ്രുത പ്രതികരണ സംഘങ്ങളെ പ്രവർത്തന സജ്ജമാക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത്.

**സെക്ഷൻ ഓഫീസർ**